(സി) പ്രസ്തുത പദ്ധതിയുടെ ഭാവി സംബന്ധിച്ച അനിശ്ചിതത്വം ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-സി) എമർജിംഗ് കേരള സംഗമത്തിൽ പി.പി.പി. പദ്ധതികൾ പ്രത്യേകിച്ചു വിഭാവനം ചെയ്തിരുന്നില്ല. എന്നാൽ ബി.പി.സി.എൽ.-ന്റെ പെട്രോകെമിക്കൽ പദ്ധതി പി.പി.പി. അടിസ്ഥാനത്തിലുള്ള പദ്ധതിയായിരുന്നു. കൂടാതെ വിവിധ വകുപ്പുകളുടെ കീഴിൽ വരുന്ന 177 പദ്ധതികളിൽ 85 പദ്ധതികൾ പുരോഗമിച്ചുവരുന്നു. ഇതിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള 19 പദ്ധതികളിൽ രണ്ട് പദ്ധതികൾ പൂർത്തിയാകുകയും ബാക്കിയുള്ളവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയും ചെയ്യുന്നു.

കേരള ക്ലെയിസ് & സെറാമിക്സ് ലിമിറ്റഡ്

200 (3354) ശ്രീ. വി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ കേരള ക്ലെയിസ് & സിറാമിക്സ് ലിമിറ്റഡിനു കീഴിലുള്ള ഏതെങ്കിലും യൂണിറ്റുകൾ അടച്ചു പൂട്ടിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം യൂണിറ്റുകളാണെന്നുള്ള വിശദാംശം നൽകുമോ ;

(സി) ഇതുമായി ബന്ധപ്പെട്ട് സ്ഥാപനത്തിലെ ട്രേഡ് യൂണിയനുകളുടെ അഭിപ്രായം തേടിയിട്ടുണ്ടോ ;

(ഡി) പ്രസ്തുത യൂണിറ്റുകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെയും തൊഴിലാളികളുടെയും ജോലിയും സംരക്ഷണവും ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ;

(ഇ) പഴയങ്ങാടി യൂണിറ്റിൽ സംസ്കരണത്തിനുശേഷം ബൈപ്രൊഡക്ടും സൾഫറും കലർന്ന അവശിഷ്ടങ്ങൾ നിർമ്മാർജ്ജനം ചെയ്യാൻ എന്ത് പദ്ധതിയാണ് പരിഗണനയിലുള്ളത് ;

(എഫ്) പ്രസ്തുത യൂണിറ്റിന്റെ നിയന്ത്രണത്തിലുള്ള മുട്ടം, മാടായി, വെങ്ങര മേഖലകളിൽ കടിവെള്ളമെത്തിക്കുന്ന പദ്ധതി തുടർന്നും എങ്ങനെ മുന്നോട്ട് കൊണ്ടുപോകാനാണ് ഉദ്ദേശിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ - ഡി) കേരള ക്ലെയ്സ് ആന്റ് സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡിന്റെ യൂണിറ്റുകൾ അടച്ചുപൂട്ടിയിട്ടില്ല. പരിസ്ഥിതി മലിനീകരണവുമായി ബന്ധപ്പെട്ട് പ്രദേശവാസികളുടെ പരാതിയുടെ അടിസ്ഥാനത്തിൽ മാടായി യൂണിറ്റിന്റെ ഖനന പ്രവർത്തനങ്ങളും ക്ലേ ശുദ്ധീകരണവും നിർത്തിവയ്ക്കുന്നതിനും യൂണിറ്റിന്റെ വൈവിധ്യവത്കരണത്തിനുള്ള വിശദമായ പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ കരിന്തളം യൂണിറ്റിൽ സർവ്വകക്ഷി ജനകീയ സമിതിയുടെ നേതൃത്വത്തിൽ സമരം നടക്കുന്നതിനാൽ കഴിഞ്ഞ അഞ്ച് മാസമായി ഉൽപാദനം നടക്കുന്നില്ല.

(ഇ) ചൈനാ ക്ലേ സംസ്കരണത്തിന് ശേഷം പുഴയങ്ങാടി യൂണിറ്റിൽ ബോക്സൈറ്റ്, സൾഫർ തുടങ്ങിയ പദാർത്ഥങ്ങൾ ഉണ്ടാകുന്നില്ല. എന്നാൽ ചൈനാ ക്ലേ ഖനനം ചെയ്യുമ്പോൾ ലഭിക്കുന്ന സൾഫർ കലർന്ന മണ്ണ് ഖനനം ചെയ്ത സ്ഥലത്തിട്ട് നികത്തി മുവന്ന മണ്ണിട്ട് മരങ്ങൾ വച്ചുപിടിപ്പിക്കുകയാണ് ചെയ്യുന്നത്.

(എഫ്) നിലവിൽ മാടായിലും വെങ്ങരയുടെ ഒരു ഭാഗത്തും മാത്രമാണ് കുടിവെള്ള പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. മുട്ടം പ്രദേശത്ത് ഗ്രാമപഞ്ചായത്ത് മുഖാന്തരം മുട്ടം ജമാ അത്ത് കമ്മിറ്റിയുടെ ഉടമസ്ഥതയിലുള്ള കിണറും സ്ഥലവും കുടിവെള്ള പദ്ധതി ആരംഭിക്കുവാനായി കമ്പനിക്ക് വിട്ടുതന്നിരുന്നു. ഇതിനായി 3500 മീറ്ററോളം പൈപ്പും ടാങ്കും മറ്റ് സാമഗ്രികളും കമ്പനി വാങ്ങി വച്ചിട്ടുണ്ട്. എന്നാൽ കിണർ വൃത്തിയാക്കിയ ശേഷം നിലവിലുള്ള വാട്ടർ ടാങ്കിന്റെ പുനരുദ്ധാരണ പ്രവൃത്തി ആരംഭിച്ചപ്പോൾ പ്രദേശവാസികളിൽ ചിലർ പ്രവൃത്തി തടസ്സപ്പെടുത്തിയതിനാൽ പൂർത്തിയാകാതെ കിടക്കുകയാണ്.

പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി വ്യവസായ വകുപ്പിന്റെ പദ്ധതികൾ

201 (3355) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽരഹിതരായ ചെറുപ്പക്കാർക്ക് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി വ്യവസായ വകുപ്പ് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; ഓരോ പദ്ധതിയെ സംബന്ധിച്ചുമുള്ള വിശദാംശം നൽകാമോ;

(ബി) അപേക്ഷകർക്ക് യഥാസമയം വായ്പ അനുവദിക്കുന്നതിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ?